ഉത്തരം

(എ) എഞ്ചിനീയറിംഗ് വിഭാഗത്തിൽ 18,444 സീറ്റുകളും, മെഡിക്കൽ/അഗ്രിക്കൾച്ചർ വിഭാഗത്തിൽ 4406 സീറ്റുകളുമാണ് ഇപ്പോൾ ഉള്ളത്. മാൻഡേറ്ററി റിസർവേഷൻ ആനുകൂല്യത്തിന് ലഭ്യമാകുന്ന സീറ്റുകളുടെ 8 ശതമാനം പട്ടികജാതിക്കാർക്കും 2 ശതമാനം പട്ടികവർഗ്ഗക്കാർക്കും നീക്കിവച്ചിട്ടുണ്ട്.

(ബി) അതെ, മെഡിക്കൽ വിഭാഗത്തിൽ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകൾക്ക് അഖിലേന്ത്യാ ക്വാട്ട, കേന്ദ്ര ഗവൺമെന്റ് നോമിനികൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, സ്പെഷ്യൽ റിസർവേഷൻ വിഭാഗം എന്നിവർക്കുള്ള സീറ്റുകളും, ഈ വർഷം മുതൽ ഹിസിക്കലി ഹാൻഡിക്കാപ്ഡ് വിദ്യാർത്ഥികൾക്ക് അനുവദിച്ച 3% സീറ്റുകളും നീക്കി വച്ചശേഷമുള്ള സീറ്റുകളുടെ വിഹിതമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെ മാൻഡേറ്ററി റിസർവേഷൻ തത്വമനുസരിച്ച് വിവിധ വിഭാഗങ്ങൾക്ക് അനുവദിക്കുന്നത്. എഞ്ചിനീയറിംഗ് കോഴ്സുകൾ, മറ്റു മെഡിക്കൽ കോഴ്സുകൾ എന്നിവയ്ക്ക് അഖിലേന്ത്യാ ക്വാട്ട നിലവിലില്ല. എന്നാൽ ആയുർവേദം, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് എൻ.ആർ.ഐ. സീറ്റുകൾ കൂടി ഒഴിവാക്കിയശേഷമാണ് സംവരണാനുപാതം നിശ്ചയിക്കുന്നത്.

(സി) 2-5-1966-ലെ ജി.ഒ.(പി)208/66/എഡ്യു. ഉത്തരവ് പ്രവേശന പരീക്ഷയോടനുബന്ധിച്ച് ഇറക്കിയതല്ല. പ്രസ്തുത ഉത്തരവ് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച റിസർവേഷൻ തത്വങ്ങൾ ഉൾക്കൊള്ളുന്നതാണ്.

പാലയാട് ലീഗൽ സ്റ്റഡി സെന്ററിന് സ്വന്തമായ സ്ഥലവും കെട്ടിടവും നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനം

144 [5126] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പാലയാട് ലീഗൽ സ്റ്റഡി സെന്ററിന് സ്വന്തമായ സ്ഥലവും കെട്ടിടവും നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട വിവരങ്ങളും രേഖകളും സഹിതം യൂണിവേഴ്സിറ്റിയുടെ ശുപാർശ സമർപ്പിക്കുന്നതിന് കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

"പരീക്ഷാഫീസ് വർദ്ധിപ്പിക്കണമെന്ന ശുപാർശ"

145 [5127] ശ്രീ. പിരപ്പൻകോട് മുരളി:
" പി. സി. ജോർജ്ജ്:
" മത്തായി ചാക്കോ:
" എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly